(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഡെപ്യൂട്ടി കളക്ടർമാരെ നേരിട്ട് തെരഞ്ഞെടുക്കുന്നതിന് വേണ്ടി പി.എസ്.സി. നടത്തിയ എഴുത്തുപരീക്ഷയുടെ ഫല പ്രഖ്യാപനം നടന്നിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ ;

(ഡി) ആയത് സംബന്ധിച്ച് തുടർ നടപടികൾ എന്തൊക്കെയാണെന്ന് പറയാമോ ;

(ഇ) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഫലപ്രഖ്യാപനം നടത്തിയിട്ടില്ല.

(ഡി&ഇ) ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം സർക്കാർ തലത്തിൽ കൃത്യമായി കണക്കാക്കിയിട്ടില്ല. ഒഴിവുകളുടെ എണ്ണം പി.എസ്.സി.യെ അറിയിച്ചാൽ മാത്രമേ, ഫലപ്രഖ്യാപനവും തുടർ നടപടികളും സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ഡെപ്യൂട്ടി കളക്ടർമാരുടേയും തഹസീൽദാർമാരുടേയും ഒഴിവുള്ള തസ്തികകൾ

23 (1333) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടേയും തഹസിൽദാർമാരുടേയും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഐ.എ.എസ്. ലഭിച്ച എത്രപേരെ ഇപ്പോഴും ഡെപ്യൂട്ടി കളക്ടർമാരായി നിയമിച്ചിട്ടുണ്ട് ; ഇവർക്ക് പ്രൊമോഷൻ നൽകാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഡെപ്യൂട്ടി കളക്ടർമാർ - 29

തഹസിൽദാർ - 37

(ബി) ഡി.പി.സി. (ലോവർ) കൂടി തഹസിൽദാർ തസ്തികയിലേക്കും ഡി.പി.സി. (ഹയർ) കൂടി ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്കും സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നടത്തി പ്രസ്തുത ഒഴിവുകൾ ഉടൻ നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രമോഷൻ വഴി ഐ.എ.എസി.-ലേക്ക് നിയമനം ലഭിച്ച രണ്ട് ഡെപ്യൂട്ടി കളക്ടർമാരെ ഐ.എ.എസ് കേഡർ തസ്തികയിലുൾപ്പെടുത്തി ഭരണ സൗകര്യാർത്ഥം അവർ നേരത്തേ തുടർന്നിരുന്ന തസ്തികകളിൽ നിയമിച്ചിട്ടുണ്ട്.

കോർട്ട്ഫീസുകൾ, സ്യൂട്ട് വാല്യൂവേഷൻ എന്നിവയിലെ വർദ്ധനവ് ലഘൂകരിക്കാൻ നടപടി

24 (1334) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർട്ടുഫീസുകൾ, സ്യൂട്ട് വാല്യൂവേഷനുകൾ എന്നിവകളിലായി എത്ര രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട് ;

(ബി) നിലവിലുള്ള നിരക്കുകളുടേയും ഈ സർക്കാർ വർദ്ധനവുവരുത്തിയ നിരക്കുകളുടേയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ഏതെല്ലാം വ്യക്തികൾ, ബാർ അസോസിയേഷനുകൾ, സംഘടനകൾ എന്നിവ ഈ വർദ്ധനവ് സാധാരണക്കാരെ ബാധിക്കുമെന്ന് സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വർദ്ധനവ് കുറയ്ക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഇ) കോടതികളിലേക്ക് വ്യവഹാരങ്ങൾ സമർപ്പിക്കുന്നതിൽ നിന്നും ഈ വർദ്ധനവ് സാധാരണക്കാരെ അകറ്റിനിർത്താൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) ഇത് പരിശോധിക്കുവാൻ ഒരു ഹൈക്കോടതി ജഡ്ജിയെ നിയോഗിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 2003-ലെ കോർട്ടുഫീസും വ്യവഹാരസ്വയും (ഭേദഗതി) ആക്റ്റ് പ്രകാരം 1959-ലെ ആക്റ്റിന്റെ (1960-ലെ 10-ാം ആക്റ്റ്) പട്ടികയിലെ മിക്കയിനങ്ങൾക്കും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ടി വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്ന പഴയ നിരക്കിന്റേയും പുതിയ നിരക്കിന്റേയും പട്ടികകളുടെ പകർപ്പിൽ നിന്നും വ്യക്തമാകുന്നതാണ്.

(ബി) പട്ടിക ഇതോടൊപ്പം സമർപ്പിക്കുന്നു.*

(സി) ഈ വർദ്ധനവ് സാധാരണക്കാരെ ബാധിക്കുമെന്ന് വ്യക്തികളോ, ബാർ അസ്സോസിയേഷനുകളോ, സംഘടനകളോ സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly